**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2795** **06-10-2025 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ മേഖലയിൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, സഹകരണമേഖലയിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>**സഹകരണ എക്സ്പോ**<br><br>കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ ചരിത്രത്തിലെ ഒരു സുപ്രധാന നാഴികക്കല്ലാണ് സഹകരണ എക്സ്പോ. കേരളീയ സമ്പദ് വ്യവസ്ഥയുടെ പുരോഗതിയിൽ സഹകരണസംഘങ്ങളുടെ സംഭാവന വിലയിരുത്തുക, വിജയഗാഥകൾ പ്രചരിപ്പിക്കുക, സാമൂഹിക സാമ്പത്തിക വികസനം ലക്ഷ്യമാക്കി ഈ മേഖല സൃഷ്ടിച്ച മാതൃകകൾ പ്രദർശിപ്പിക്കുക, സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന മൂല്യവർധിത ഉൽപ്പന്നങ്ങളുടെ പ്രചാരണം എന്നിവ ലക്ഷ്യമാക്കിയാണ് കഴിഞ്ഞ മൂന്നു വർഷങ്ങളായി എക്സ്പോ സംഘടിപ്പിക്കുന്നത്. കേരളസർക്കാരിന്റെ 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി 2022 ലാണ് ആദ്യമായി എക്സ്പോ ആരംഭിച്ചത്.<br><br>ഐക്യരാഷ്ട്രസഭയുടെ 2025 ലെ അന്താരാഷ്ട്ര സഹകരണ വർഷത്തോടനുബന്ധിച്ച്, "സഹകരണ പ്രസ്ഥാനം ഒരു മികച്ച ലോക നിർമ്മിതിക്ക്" എന്ന ആഗോള പ്രമേയത്തിൽ ആഘോഷിക്കുന്ന എക്സ്പോയുടെ മൂന്നാംപതിപ്പ് 2025 ഏപ്രിൽ 21 മുതൽ 30 വരെ തിരുവനന്തപുരത്തെ ചരിത്ര പ്രസിദ്ധമായ കനകക്കുന്ന് കൊട്ടാര അങ്കണത്തിൽ നടന്നു. കനകക്കുന്നിൽ നടന്ന 3-ാമത് എക്സ്പോയുടെ ഭാഗമായി 180 സ്റ്റാളുകളിലായി 400 ലധികം ഉല്പന്നങ്ങൾ പ്രദർശിപ്പിച്ചു. 12 സെമിനാറുകളിലായി അന്തർദേശീയ-ദേശീയ തലങ്ങളിലുള്ള 90 പ്രഭാഷകർ പങ്കെടുത്തു. 61 ഉല്പന്നങ്ങൾക്ക് കോപ് കേരള സർട്ടിഫിക്കേഷൻ നൽകി. 10 ദിവസവും ജനപ്രീതി |

നേടിയ കലാപരിപാടികളും സംഘടിപ്പിച്ചു. 2 ലക്ഷത്തോളം പേർ പ്രദർശനനഗരി സന്ദർശിച്ച് സഹകരണ വകുപ്പിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് മനസിലാക്കുകയുണ്ടായി.

**അക്ഷരം മ്യൂസിയം**

ഭാഷ, സാഹിത്യം, സംസ്കാരം എന്നിവയുടെ സംരക്ഷണത്തിനും പ്രോത്സാഹനത്തിനുമായി കേരളത്തിലെ സഹകരണ മേഖല സമർപ്പിച്ചിരിക്കുന്ന ഒരു അതുല്യ സാംസ്കാരിക സ്ഥാപനമാണ് കോട്ടയത്തെ അക്ഷരം മ്യൂസിയം.

ഏഷ്യയിലെ തന്നെ എഴുത്തുകാരുടെ ആദ്യത്തെ സഹകരണസംഘമായ സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ (SPCS) കോട്ടയത്തെ ഇന്ത്യ പ്രസ്സ് പുരയിടത്തിൽ കേരള സർക്കാരിന്റെ സഹകരണത്തോടെയാണ് ഇത് നിർമ്മിച്ചിരിക്കുന്നത്. നാലുഘട്ടങ്ങളായി പൂർത്തിയാക്കുന്ന മ്യൂസിയത്തിന്റെ ഒന്നാം ഘട്ടം 2024 നവംബർ 26നു പൂർത്തിയാക്കി ഉൽഘാടനം ചെയ്തു.

**കെയർ ഹോം പദ്ധതി രണ്ടാം ഘട്ടം**

2018 ലും 2019 ലും ഉണ്ടായ വെള്ളപ്പൊക്കത്തിലും പ്രകൃതിക്ഷോഭത്തിലും വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാനത്തെ 14 ജില്ലകളിലും ലൈഫ് മിഷൻ/ ജില്ലാ കളക്ടർമാർ നിർദ്ദേശിച്ച സ്ഥലത്ത് ഭവനസമുച്ചയങ്ങൾ നിർമ്മിച്ചു നൽകുന്നത് ലക്ഷ്യം വച്ചുകൊണ്ടാണ് കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടം ആസൂത്രണം ചെയ്തിട്ടുള്ളത്.

തൃശ്ശൂർ ജില്ലയിൽ പഴയന്നൂർ ഗ്രാമ പഞ്ചായത്തിൽ 40 കുടുംബങ്ങൾക്ക് താമസിക്കുന്നതിനായി നിർമ്മിച്ച ആദ്യ ഭവനസമുച്ചയം 2021 ഡിസംബർ 6 ന് ഉദ്ഘാടനംചെയ്തു. കണ്ണൂർ ജില്ലയിൽ പന്നിയൂർ വില്ലേജിൽ 18 കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയുന്ന ഭവന സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് 2024 നവംബർ 25 ന് ഉദ്ഘാടനം ചെയ്തു.

പാലക്കാട് ജില്ലയിൽ കണ്ണാടി-2 വില്ലേജിൽ 28 കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയുന്ന ഭവന സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. മലപ്പുറം ജില്ലയിൽ പൊന്നാനി താലൂക്കിൽ എടപ്പാൾ ഗ്രാമ പഞ്ചായത്തിലും തിരൂർ താലൂക്കിൽ ചെറിയമുണ്ടം വില്ലേജിലും പൊന്നാനി താലൂക്കിൽ പെരുമ്പടപ്പ് വില്ലേജിലും പദ്ധതി നിവ്വഹണം

നടത്തുന്നതിനുള്ള പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**<u>കോപ് കേരള സർട്ടിഫിക്കേഷൻ</u>**

കേരളത്തിലെ സഹകരണ മേഖലയിലെ ഉല്പ്പന്നങ്ങളെ ഏകീകൃത ബ്രാൻഡിന് കീഴിൽ കൊണ്ടുവന്നു വിപണി ഇടപെടൽ സജീവമാക്കുന്നതിനായി സഹകരണ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള "ബ്രാൻഡിംഗ് ആൻഡ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റിവ് പ്രോഡക്ട്സ്" പദ്ധതിയുടെ ഭാഗമായി സഹകരണ ഉല്പ്പന്നങ്ങൾക്ക് ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ കോപ്കേരള സർട്ടിഫിക്കേഷൻ നല്കിവരുന്നു.

2022 മുതൽ 2024 വരെ 24 സംഘങ്ങളുടെ 90 ഉൽപ്പന്നങ്ങൾക്കും, മെയ് 2025 വരെ 9 സംഘങ്ങളുടെ 61 ഉൽപ്പന്നങ്ങൾക്കും ഉൾപ്പടെ 33 സംഘങ്ങളുടെ 151 ഉൽപ്പന്നങ്ങൾക്ക് കോപ് കേരള സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.

**<u>കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ.4505 (KAPCOS)</u>**

KAPCOS: കർഷകർ ഉൽപാദിപ്പിക്കുന്ന നെല്ല് സംഭരിച്ചു, സംസ്കരിച്ച് വിൽപ്പന നടത്തുക എന്ന ലക്ഷ്യത്തോടെ കോട്ടയം ജില്ലയിലെ പ്രാഥമിക കാർഷിക വായ്പ സഹകരണ ബാങ്കുകൾ അംഗങ്ങളായി രജിസ്റ്റർ ചെയ്ത സംഘമാണ് കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ.4505 (KAPCOS). പാലക്കാട് ഒഴികെ കേരളത്തിലെ എല്ലാ സ്ഥലങ്ങളിൽ നിന്നും നെല്ല് സംഭരിക്കുന്നതിനു പ്രസ്തുത സംഘം ലക്ഷ്യമിടുന്നു. കർഷകർക്ക് വരുമാനവും, സാധാരണക്കാർക്ക് കുറഞ്ഞ വിലയിൽ അരി ലഭ്യമാക്കുകയും ആണ് സംഘത്തിന്റെ ലക്ഷ്യം.

**<u>പഴവർഗ്ഗച്ചെടി തോട്ടങ്ങളുടെ വ്യാപനം</u>**

കേരളത്തിൽ പഴവർഗ്ഗക്കൃഷി വികസനം ലക്ഷ്യമിട്ട് സഹകരണ വകുപ്പ് പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ വഴി ആവിഷ്കരിക്കുന്ന പദ്ധതിയാണിത്.

കർഷകരുടെ സ്വന്തം ഭൂമിയിലോ, കർഷകരിൽ നിന്നും പാട്ടത്തിനെടുത്ത ഭൂമിയിലോ കേരളത്തിലെ പ്രാഥമിക കാർഷിക വായ്പ സംഘങ്ങളിലൂടെ ഉയർന്ന മൂല്യമുള്ള പഴവർഗ്ഗ മരങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ കൃഷിചെയ്തു അവയിൽ നിന്നുള്ള ഫലങ്ങൾ വിളവെടുപ്പ

നടത്തി വിപണനം ചെയ്യുക, ഒട്ട് തൈകൾ 'Coop Kerala' സർട്ടിഫിക്കറ്റ് നൽകി വിപണനം ചെയ്യുക, ഡ്രൈ ഫ്രൂട്ട്സ് ഉൽപ്പാദിപ്പിക്കുക എന്നിവയാണ് ലക്ഷ്യം വയ്ക്കുന്നത്.

**ഫെനി നിർമ്മാണം**

കേരളത്തിൽ സുലഭമായി ലഭിക്കുന്ന കശുമാങ്ങ (Cashew apple) ഉപയോഗിച്ച് പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ വഴി ഫെനി ഉല്പ്പാദിപ്പിക്കുന്നതിനും കൺസ്യൂമർഫെഡ് ഔട്ട് ലെറ്റുകൾ വഴി വിപണനം നടത്തുന്നതിനുമുള്ള പദ്ധതിയാണിത്.

പദ്ധതി നടപ്പിലാക്കുന്നതിലൂടെ നമ്മുടെ നാട്ടിൽ യഥേഷ്ടം ലഭിക്കുന്നതും നിലവിൽ ഉപയോഗമില്ലാതെ പാഴായി പോകുന്നതുമായ കശുമാങ്ങ ഫലപ്രദമായി ഉപയോഗിക്കുന്നതിനും, കൺസ്യൂമർ ഫെഡറേഷൻ ഉൾപ്പെടെയുള്ള സംഘങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണവായ്പ സംഘങ്ങളുമായി ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

**സഖി പദ്ധതി**

പ്രമുഖ സഹകരണ സ്ഥാപനമായ വനിതാ ഫെഡറേഷൻ വഴി കേരളത്തിലെ വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിനു കൂടുതൽ ദിശാബോധം നല്കുന്നതിനും വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലക്ഷ്യമിട്ട് പരിശീലനത്തിലൂടെയും, ശേഷി വികസനത്തിലൂടെയും വനിതാ അംഗങ്ങളുടെ വൈദഗ്ധ്യം വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

ഇതിന്റെ ഭാഗമായി നാഷണൽ ആയുഷ് മിഷൻ കേരളയുമായി സഹകരിച്ച് ഗർഭാനന്തര ശുശ്രൂഷയും, നവജാത ശിശു പരിചരണവും ഉറപ്പാക്കുന്നതിനും അതുവഴി സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി ശാസ്ത്രീയവും സമഗ്രവുമായ പ്രസവ പരിപാലന സമ്പ്രദായങ്ങൾക്കുമുള്ള പരിശീലനം, "പരിചരണ സമ്പദ് വ്യവസ്ഥയിൽ" അധിഷ്ഠിതമായ പാലിയേറ്റീവ് കെയർ, ജെറിയാട്രിക് കെയർ, അടിസ്ഥാന രോഗനിർണയം എന്നീ മേഖലകളിൽ പരിശീലനം, തുടങ്ങി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന വിവിധ പദ്ധതികൾക്ക് ലക്ഷ്യമിടുന്നു.

**"മികവ്" പദ്ധതി**

സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് കാലാനുസൃതമായി അവരുടെ അറിവ്, കഴിവ്, മനോഭാവം, എന്നിവ മെച്ചപ്പെടുത്തി പുതിയ കാലഘട്ടത്തിന്റെ വെല്ലുവിളികളെ ഏറ്റെടുക്കുന്നതിന് സ്വയം സജ്ജരാക്കുന്നതിലേയ്ക്കായി ഓൺലൈൻ സാദ്ധ്യതകളെ പ്രയോജനപ്പെടുത്തിക്കൊണ്ട് സഹകരണ വകുപ്പ് തയ്യാറാക്കിയ പരിശീലന പദ്ധതിയാണ് “മികവ്” പദ്ധതി.

വകുപ്പിലെ മുഴുവൻ ഉദ്യോഗസ്ഥർക്കും, നിശ്ചിത ഇടവേളകളിൽ ട്രെയിനിംഗ്, റീ-ട്രെയിനിംഗ് പരിശീലനപരിപാടികൾക്കായി
തെരഞ്ഞെടുക്കുന്നതിനും, അവർ പങ്കെടുത്ത പരിശീലനപരിപാടികൾ പരിശോധിച്ച് സർവ്വീസ് റിക്കോർഡുകളിൽ രേഖപ്പെടുത്തുന്നതിനും “മികവ്” പദ്ധതിയുടെ ഭാഗമായി HRMS സോഫ്റ്റ്വെയറിൽ ഒരു Training Module സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനായി ACSTI, മൺവിളയിൽ ഇതിനായി സഹകരണവകുപ്പിന്റെ നിയന്ത്രണത്തിൽ 2 ക്ലാസ്സ് റൂമുകൾ സജ്ജീകരിച്ചിട്ടുണ്ട്. കഴിഞ്ഞ 6 മാസങ്ങൾക്കുള്ളിൽ ഈ പദ്ധതിയുടെ ഭാഗമായി 240 ഉദ്യോഗസ്ഥർക്ക് മികച്ച പരിശീലനം നൽകാൻ കഴിഞ്ഞിട്ടുണ്ട്.

**<u>"മാതൃവനം"</u>**

2025 ലെ പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി “മാതൃവനം” പദ്ധതി നടപ്പിലാക്കി. സ്കൂൾ കുട്ടികളിൽ നമ്മുടെ നാട്ടിലെ ഔഷധ സസ്യങ്ങളെക്കുറിച്ച് അവബോധം നൽകുന്നതിനും, പശ്ചിമഘട്ട മലനിരകളെ ഔഷധ സസ്യങ്ങൾക്കായി ആശ്രയിക്കുന്നത് കുറക്കുന്നതിനുമായി സഹകരണ വകുപ്പിന്റെ പിന്തുണയോടെ സ്കൂളുകളിൽ “ഔഷധഗുണമുള്ള മരങ്ങൾ” നട്ടുപിടിപ്പിക്കുകയുണ്ടായി. ആദ്യഘട്ടത്തിൽ ഓരോ ജില്ലയിലും 200 വീതം വിദ്യാലയങ്ങളിൽ 20 തരം ഔഷധ സസ്യങ്ങളാണ് നടുന്നതിന് തീരുമാനിച്ചത്. സഹകരണവകുപ്പും വിദ്യാഭ്യാസവകുപ്പും സംയുക്തമായാണ് പദ്ധതി നടപ്പാക്കുന്നത്.

**<u>കേരള സഹകരണ പുനരുദ്ധാരണ ഫണ്ട് സ്കീം</u>**

അസാധാരണ സാഹചര്യങ്ങൾ മൂലം പ്രവർത്തനരഹിതമായ അവസ്ഥയിലുള്ളതോ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതോ ആയ സഹകരണ സംഘങ്ങളെ ഉപാധികൾക്കും നിബന്ധനകൾക്കും അനുസൃതമായി സാമ്പത്തിക

സഹായം നൽകുക എന്ന ലക്ഷ്യത്തോടെ കേരള സഹകരണസംഘം നിയമം, വകുപ്പ് (57E) പ്രകാരം സർക്കാർ "കേരള സഹകരണ പുനരുദ്ധാരണഫണ്ട് സ്കീം 2024" എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചു. കേരള സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്ത സംഘങ്ങൾക്ക് ഈ പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് അർഹതയുണ്ടായിരിക്കും. ദുർബലമായതോ പ്രവർത്തനരഹിതമായതോ എന്നാൽ പ്രവർത്തനസ്ഥിരത നേടാൻ കഴിവുള്ളതോ ആയ സംഘങ്ങളെയാണ് പുനരുദ്ധാരണത്തിനായി പരിഗണിക്കുന്നത്.

**കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം (ഭേദഗതി) 2024**

സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം പ്രകാരം ലിക്വഡേറ്റ് ചെയ്ത സംഘത്തിലെ നിക്ഷേപകർക്ക് സെറ്റിൽമെന്റ് ഓഫ് ക്ലെയിമായി പരമാവധി 5 ലക്ഷം രൂപ നൽകിവരുന്നു.

നിക്ഷേപകർക്ക് നിക്ഷേപം തിരികെ നൽകുന്നതിന് ബുദ്ധിമുട്ട് നേരിടുന്ന സഹകരണസംഘങ്ങൾക്ക് സാമ്പത്തിക സഹായം/വായ്പ അനുവദിക്കുന്നതിനുള്ള വ്യവസ്ഥ കൂടി ഉൾപ്പെടുത്തിക്കൊണ്ട് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം (ഭേദഗതി) 2024 എന്ന പദ്ധതി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

ഗ്യാരന്റീഡ് സംഘത്തിലെ ഓരോ നിക്ഷേപകനും ബാക്കി നിൽപ്പ് നിക്ഷേപത്തിന്റെ മുതലിന് പരമാവധി 5 (അഞ്ച്) ലക്ഷം രൂപ വരെയുള്ള നിക്ഷേപങ്ങൾ, തിരികെ നൽകുന്നതിന് ടി സംഘങ്ങൾക്ക് വായ്പ/ ധനസഹായം നൽകുക എന്നതാണ് ടി പദ്ധതിയുടെ ഉദ്ദേശം.

**സഹകാരി സാന്ത്വനം**

അശരണരായ സഹകാരികൾക്കുള്ള ആശ്വാസ നിധി. സഹകരണ മേഖലയുടെ പുരോഗതിക്കുവേണ്ടി താലൂക്ക് ജില്ലാ സംസ്ഥാന തലങ്ങളിൽ പ്രവർത്തിച്ചവരോ പ്രവർത്തിക്കുന്നവരോ, സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്ന സഹകരണ സംഘങ്ങളിലെ ഭരണ സമിതിയിൽ രണ്ടു തവണയെങ്കിലും അംഗമായിരിക്കുകയും ഇപ്പോൾ അവശത അനുഭവിക്കുകയും ചെയ്യുന്ന സഹകാരികൾക്കോ ധനസഹായം നൽകുന്നതിനായി 2009 ൽ ആവിഷ്കരിച്ച പദ്ധതി. 2022-ൽ ഇത്

പരിഷ്കരിച്ചു. വാർഷിക വരുമാനം മൂന്നു ലക്ഷം രൂപയിൽ കുറവുള്ളവർക്കാണ് ഈ പദ്ധതി പ്രകാരം പ്രയോജനം ലഭിക്കുക. ഈ പദ്ധതി പ്രകാരം സഹകാരികൾക്ക് രോഗ ശുശ്രൂഷയ്ക്കും ചികിത്സയ്ക്കുമായി പരമാവധി 50000/- രൂപയും സഹകാരികൾ മരണപ്പെട്ടു പോയിട്ടുണ്ടെങ്കിൽ കുടുംബത്തിന്/ ആശ്രിതർക്ക് പരമാവധി 25000/- രൂപയും ധനസഹായം ലഭിക്കുന്നതാണ്.

**"അങ്ങാടി കേരള" ആപ്പ്.**

കേരളത്തിലെ സഹകരണ വിപണന മേഖലയുടെ രൂപം മാറ്റുന്നതിനായി രൂപകല്പന ചെയ്തിരിക്കുന്ന "അങ്ങാടി കേരള" ആപ്പ്, "Coop Kerala" ബ്രാൻഡിന് കീഴിലുള്ള ഉൽപ്പന്നങ്ങൾക്ക് ഏകീകരിച്ച പ്ലാറ്റ്ഫോം ഒരുക്കുന്നതിലൂടെ ഗുണനിലവാരം, അളവ്, വില തുടങ്ങിയ ഘടകങ്ങളിൽ സമത്വം ഉറപ്പുവരുത്തുകയും വിപണിയിലെ നിലവിലുള്ള അഴിമതികളും അപവ്യക്തതകളും ലഘൂകരിക്കുകയും ചെയ്യുന്നു. "അങ്ങാടി കേരള" ആപ്പ് ഉപഭോക്താക്കൾക്ക് ലൊക്കേഷൻ അധിഷ്ഠിത സേവനങ്ങൾ മുഖേന സമീപ വിൽപ്പനകേന്ദ്രങ്ങൾ കണ്ടെത്താൻ സഹായിക്കുകയും, ഓർഡർ സൗകര്യങ്ങൾ, തത്സമയ അറിയിപ്പുകൾ, മലയാളം - ഇംഗ്ലീഷ് ഭാഷകളിലുള്ള ഉപഭോക്തൃ ഇന്റർഫേസ്, ഉപഭോക്തൃ അഭിപ്രായം, റേറ്റിംഗ് സംവിധാനം എന്നിവയിലൂടെ വിപണനത്തെയും ഉപഭോക്തൃ അനുഭവത്തെയും ദൃഢമാക്കുകയും ചെയ്യുന്നു. ഉൽപ്പാദകരുടെയും ഉപഭോക്താക്കളുടെയും ഇടയിൽ നേരിട്ടുള്ള ബന്ധം സ്ഥാപിക്കുന്നതിലൂടെ ഇടനിലക്കാരെ ഒഴിവാക്കാനും, നടത്തിപ്പ് ചെലവുകൾ ഗണ്യമായി കുറയ്ക്കാനും ഈ ആപ്പ് സഹായകരമാകും.

**സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (Co-operative Initiative in Technology Driven Agriculture (CITA)**

സംരംഭകത്വം, സാങ്കേതികവിദ്യ എന്നിവയിലൂടെ കാർഷിക അനുബന്ധ മേഖലകളുടെ മത്സരക്ഷമതയും പ്രവർത്തന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി, 2022-2023 സാമ്പത്തിക വർഷം മുതൽ സഹകരണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് **സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (Co-operative Initiative in Technology Driven Agriculture (CITA).** കൃഷിയെ പ്രോത്സാഹിക്കുന്നതിനും, അതിന്റെ ഉന്നമനത്തിനുമായി സഹകരണ മേഖലയുടെ

പിന്തുണയോടെ കാർഷികോൽപ്പന്നങ്ങളുടെ ഉൽപാദനം, സമാഹരണം, സംഭരണം, മൂല്യ വർദ്ധിത ഉൽപ്പന്നമാക്കൽ, ചില്ലറ വിൽപ്പന എന്നിവയെ പരിപോഷിപ്പിച്ച് 5 വർഷത്തിനുള്ളിൽ കേരളത്തിൽ കാർഷിക വികസന മുന്നേറ്റമുണ്ടാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ടി പദ്ധതിയിൽ ഉൾപ്പെടുത്തി 2022-23 സാമ്പത്തിക വർഷം മുതൽ നാളിതുവരെ 47 സഹകരണ സംഘങ്ങൾക്ക് **1322.832** ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

**<u>സ്നേഹതീരം വായ്പാ പദ്ധതി</u>**

കേരളത്തിലെ കടൽത്തീരവും കായലോരവുമുള്ള തീരദേശത്തെ മത്സ്യ ബന്ധനം, മത്സ്യ വിപണനം, മത്സ്യ സംസ്കരണം എന്നീ തൊഴിൽ മേഖകളിൽ ഏർപ്പെട്ടിരിക്കുന്നവർ തങ്ങളുടെ തൊഴിലുമായി ബന്ധപ്പെട്ട ദൈനംദിന മൂലധനത്തിനായി പണം കണ്ടെത്തുന്നതിന് കൂടുതലായും ആശ്രയിക്കുന്നത് ബ്ലേഡ് പലിശക്കാരെയാണ്. മേൽ വിഭാഗം ജനങ്ങളെ ഭീമമായ പലിശ ഈടാക്കുന്ന പലിശക്കാരിൽ നിന്നും ഒഴിവാക്കി സഹകരണ മേഖല വഴി ലളിതമായ നടപടിക്രമങ്ങളിലൂടെ, വളരെ ചെറിയ പലിശമാത്രം ഈടാക്കി, നിശ്ചിത കാലാവധിയുള്ള വായ്പ നൽകുന്നതിന് സ്നേഹതീരം പദ്ധതി നടപ്പിലാക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചു. ടി പദ്ധതി പൈലറ്റ് പദ്ധതിയായി കോട്ടയം ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ളതും ടി പദ്ധതി പ്രകാരം കോട്ടയം ജില്ലയിൽ അയ്മനം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.കെ 750-ൽ നിന്നും ആദ്യഘട്ട വായ്പയായി 5 പേർക്ക് 50,000/-രൂപ വിതരണം ചെയ്തിട്ടുള്ളതുമാണ്.

**<u>കുടുംബത്തിനൊരു കരുതൽധനം</u>**

പ്രകൃതി ദുരന്തങ്ങളാലും മറ്റ് അടിയന്തിര സാഹചര്യങ്ങളാലും വരുമാനം നിലച്ചുപോകുന്ന കുടുംബങ്ങൾക്ക് ഇത്തരം സാഹചര്യങ്ങളെ അതിജീവിക്കാൻ ഒരു പ്രത്യേക നിക്ഷേപം പ്രാഥമിക കാർഷിക വായ്പ സംഘങ്ങളിലൂടെ സ്വരൂപിച്ചെടുക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. സർക്കാരിന്റെ മൂന്നാം നൂറു ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി ആദ്യഘട്ടമായി പാലക്കാട് ജില്ലയിൽ പൈലറ്റ് പ്രോജക്ടായി "കുടുംബത്തിന് ഒരു കരുതൽ ധനം" പദ്ധതി നടപ്പിലാക്കി. ജില്ലയിലെ 38 സർവ്വീസ് സഹകരണ ബാങ്കുകളിൽ 361 അക്കൗണ്ടുകളിലായി 2,73,02,156/- രൂപയുടെ നിക്ഷപം ടി പദ്ധതി പ്രകാരം സ്വീകരിച്ചിട്ടുണ്ട്.

**<u>മാലിന്യമുക്ത കേരളം</u>**

വകുപ്പിൻ കീഴിലുള്ള എല്ലാ ഓഫീസുകളിലും സ്ഥാപനങ്ങളിലും കെട്ടികിടക്കുന്ന ജൈവ/ അജൈവ/ ഇലക്ട്രോണിക് മാലിന്യങ്ങൾ നീക്കം ചെയ്ത് സമ്പൂർണ്ണ മാലന്യരഹിത സ്ഥാപനങ്ങളായി മാറ്റിയിട്ടുണ്ട്. ടി പ്രവർത്തനങ്ങൾ ആസ്ഥാന ഓഫീസുകളിലും ജില്ലാ ഓഫീസുകളിലും പൂർത്തിയായിട്ടുണ്ട്.

സമ്പൂർണ്ണ ശുചിത്വം ലക്ഷ്യമിട്ട് സഹകരണ വകുപ്പ് "നെറ്റ് സീറോ എമിഷൻ പദ്ധതി സഹകരണവകുപ്പിലൂടെ" എന്നൊരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കാർബൺ ഡൈ ഓക്സൈഡ്, മീഥെയ്ൻ, നൈട്രസ് ഓക്സൈഡ് തുടങ്ങിയ ഹരിതഗൃഹവാതകങ്ങളുടെ ബഹിർഗമനവും ആഗിരണവും തുലനാവസ്ഥയിൽ എത്തിച്ച് കേരളത്തിന്റെ പരിസ്ഥിതി സംതുലനാവസ്ഥ നിലനിർത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സഹകരണ മേഖലയിലെ പ്രവർത്തനശൈലിയിലൂടെയും സുസ്ഥിര വികസനത്തിലൂടെയും മനുഷ്യ പ്രേരിത കാർബൺ ബഹിർഗമനം കുറക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ, കൃഷിയിടങ്ങൾ, സംഘങ്ങളുടെ സഹകരണത്തോടെ ലഭ്യമാകുന്ന പൊതു ഇടങ്ങൾ എന്നിവ പരിസ്ഥിതി സൗഹൃദ നെറ്റ് സീറോ എമിഷൻ പ്രദേശങ്ങളാക്കി മാറ്റുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കുലർ ആയി പുറപ്പെടുവിച്ചിട്ടുണ്ട്

**<u>നമ്മുടെ കൃഷി നമ്മുടെ ഭക്ഷണം</u>**

ഒരു ജില്ലയിൽ 75 ഏക്കറിൽ കുറയാതെ തരിശു ഭൂമിയിൽ കൃഷി നടപ്പിലാക്കുക എന്ന ഒരു പദ്ധതി 2023 ൽ ആരംഭിക്കുകയുണ്ടായി. മരച്ചീനി, ഏത്തവാഴ, പച്ചക്കറികൾ, മഞ്ഞൾ, ഇഞ്ചി, വാഴ, ചേന, ചേമ്പ്, പൈനാപ്പിൾ, തേയില, കുരുമുളക്, ഏലം, തെങ്ങ്, അടക്ക തുടങ്ങിയ വിളകൾ പ്രാഥമിക സഹകരണ സംഘങ്ങൾ വഴിയും മറ്റ് മിസലേനിയസ് സംഘങ്ങൾ വഴിയും കൃഷി ചെയ്യുവാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഒപ്പം ചെറു ധാന്യ വിളകൾക്കും പദ്ധതി പ്രാധാന്യം നൽകുന്നുണ്ട്. ഭക്ഷ്യ ഉൽപ്പന്നങ്ങളിൽ സംസ്ഥാനം സ്വയംപര്യാപ്തമാവുക, തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക, അതുവഴി കൂടുതൽ യുവജനങ്ങളെ കൃഷിയിലേക്ക് ആകർഷിക്കുക അവരിൽ കൃഷിയുടെ ആവശ്യകത സംബന്ധിച്ച് ബോധവത്ക്കരണം നടത്തുക, സംഘങ്ങൾ കാർഷിക വിള സംഭരണ കേന്ദ്രങ്ങൾ തുടങ്ങുകയും കാർഷിക ഉൽപ്പന്ന

ചന്തകൾ എന്നിവ നടത്തുകയും ചെയ്യുക, അത്യുൽപാദന ശേഷിയുള്ള വിത്തും, തൈകളും ശേഖരിച്ച് സഹകരണ സംഘങ്ങൾ വഴി കൃഷി ചെയ്യുക എന്നിവ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഈ പദ്ധതി വഴി 14 ജില്ലകളിലുമായി 381.45 ഏക്കർ സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ട്.

**<u>സഹകരണ വകുപ്പിൽ സമ്പൂർണ്ണ ഇ-ഓഫീസ് സംവിധാനം</u>**

സഹകരണ വകുപ്പിൽ ഡിജിറ്റൽ ഫയൽ മാനേജ്മെന്റ് സംവിധാനമായ ഇ-ഓഫീസ് നാഷണൽ ഇൻഫർമാറ്റിക് സെന്ററുമായി (എൻ.ഐ.സി) ചേർന്ന് നടപ്പിലാക്കി.

**<u>കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ഷൻ മാനേജ്മന്റ് ആപ്ലിക്കേഷൻ (CIMA)</u>**

കേരളത്തിലെ സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിൽ വരുന്ന 15,000-ത്തിലധികം സഹകരണ സംഘങ്ങളിൽ പരിശോധനകൾ നടത്തുന്നതിന് 275 ഇൻസ്പെക്ടർമാർ മാത്രമാണ് നിലവിലുള്ളത്. അതുകൊണ്ടുതന്നെ വകുപ്പ് നടപ്പിലാക്കേണ്ട റെഗുലേറ്ററി പ്രവർത്തനങ്ങളുടെ കാര്യക്ഷമതയെ ഇത് സാരമായി ബാധിക്കുന്നുണ്ട്. ടി സാഹചര്യത്തിൽ പരിശോധന സമയബന്ധിതവും കാര്യക്ഷമവുമായി പൂർത്തീകരിച്ച നടപടിയെടുക്കുന്നതിന് ഫലപ്രദമായ ഒരു ഓൺലൈൻ സംവിധാനം വേണമെന്ന ആശയത്തിൽ നിന്നാണ് കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ഷൻ മാനേജമെന്റ് ആപ്ലിക്കേഷൻ (CIMA) Version 1.0 തയ്യാറാക്കിയത്. ഇന്ത്യയിലെ സഹകരണ മേഖലയിൽ നടപ്പിലാക്കുന്ന ആദ്യത്തെ ഓൺലൈൻ ഇൻസ്പെക്ഷൻ മാനേജെന്റ് സംവിധാനമാണ് CIMA Version 1.0.

**<u>വിദ്യാതരംഗിണി</u>**

കോവിഡ് മഹാമാരിക്കാലത്ത് 1 മുതൽ 12 ക്ലാസുവരെയുള്ള വിദ്യാർഥികളുടെ ഓൺലൈൻ പഠനം നടത്തുന്നതിനായി സ്കൂൾ അധികാരികളുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങളുടെ പ്രവർത്തനപരിധിയിൽ വരുന്ന അർഹരായ വിദ്യാർത്ഥികൾക്ക് മൊബൈൽ ഫോണുകൾ വാങ്ങുന്നതിനായി ഒരു വ്യക്തിയ്ക്ക് 10,000/- രൂപ വരെ പലിശ രഹിത വായ്പ ലഭിക്കുന്ന വിദ്യാതരംഗിണി എന്ന പദ്ധതി സഹകരണ വകുപ്പ് 2021 ജൂൺ 25 മുതൽ ജൂലൈ 31 വരെ

നടപ്പാക്കിയിരുന്നു. ടി വായ്പ പരമാവധി 24 മാസത്തെ തുല്യ ഗഡുക്കളായി തിരിച്ചടക്കേണ്ടതാണ്. ടി കാലാവധിക്കു ശേഷം ബാക്കി നിൽക്കുന്ന തുകയ്ക്ക് പരമാവധി 8 ശതമാനം പലിശ ഈടാക്കിയിരുന്നു. ടി വായ്പാ പദ്ധതി ആൾ ജാമ്യ വ്യവസ്ഥയിലാണ് വിതരണം നടത്തുന്നത്. വായ്പ അനുവദിച്ച് അടുത്ത മാസം മുതൽ തിരിച്ചടവ് ആരംഭിക്കണം. അപേക്ഷകൻ സംഘത്തിലെ എ-ക്ലാസ്/സി-ക്ലാസ് മെമ്പർ ആയിരിക്കണം. വായ്പകൾക്കുള്ള റിസ്ക് ഫണ്ട് വിഹിതം ഈടാക്കുന്നതു ഉൾപ്പെടെയുള്ള പദ്ധതികൾ ഈ വായ്പക്കു ബാധകമല്ല. ഈ പദ്ധതി വഴി 92309 വായ്പകളിലായി 89,98,86,765/- രൂപ ലഭ്യമാക്കിയിട്ടുണ്ട്.

**<u>സഹായ ഹസ്തം പദ്ധതി</u>**

സർക്കാരിന്റെ നേതൃത്വത്തിൽ നടത്തുന്ന മൂന്നാം നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി പ്രാഥമിക സഹകരണ ബാങ്ക്/ സംഘങ്ങൾ മുഖേന ചെറുകിട, വഴിയോര കച്ചവടം, ചെറുസംരംഭം എന്നിവ ആരംഭിക്കുന്നതിനും ഉപജീവന മാർഗ്ഗം കണ്ടെത്തുന്നതിനുമായി ആട്ടോറിക്ഷ വാങ്ങുവാൻ ഉദ്ദേശിക്കുന്നവർക്ക് പ്രാരംഭ ചെലവുകൾ, മെയിന്റനൻസ് എന്നിവയ്ക്കുമായി 20,000/- രൂപ വരെ വായ്പാനൽകുന്നതിന് 'സഹായ ഹസ്തം' എന്ന വായ്പാ പദ്ധതി നടപ്പിലാക്കി വരുന്നു.

**<u>സഹകരണം സൗഹൃദം</u>**

കേരള സംസ്ഥാന സഹകരണ ബാങ്ക്/ അർബൻ സഹകരണ ബാങ്കുകൾ/പ്രാഥമിക സഹകരണ സംഘങ്ങൾ/ ബാങ്കുകൾ മുഖേന "സഹകരണം സൗഹൃദം" എന്ന പേരിൽ ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ട വ്യക്തികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുളള വായ്പാ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. അപേക്ഷകന്റെ ശാരീരികാവസ്ഥ പരിഗണിച്ച് അനുയോജ്യമായ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള വായ്പ അനുവദിക്കാവുന്നതാണ്. വ്യക്തമായ പ്രോജക്റ്റ് റിപ്പോർട്ടിന്റെയും ആയതിന്റെ പ്രായോഗിക വിലയിരുത്തലിന്റെയും അടിസ്ഥാനത്തിലാണ് വായ്പ അനുവദിക്കുന്നത്.അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന പ്രോജക്റ്റ് റിപ്പോർട്ടിന്റെ 75 ശതമാനമോ 3 ലക്ഷം രൂപയോ ഏതാണോ കുറവ് ആതായിരിക്കും പരമാവധി വായ്പാ തുക. പദ്ധതി പുരോഗതി വിലയിരുത്തി ഗഡുക്കളായാണ് വായ്പ അനുവദിക്കുന്നത്. അനുവദിച്ച തുകയ്ക്കു മാത്രം പലിശ ഈടാക്കുന്നതാണ്. വായ്പ അനുവദിച്ച തീയതി മുതൽ 4

| | | | |
|---|---|---|---|
| | | | വർഷമായിരിക്കും പ്രസ്തുത വായ്പയുടെ കാലാവധി. നാളിതു വരെ 519 വായ്പകളിലായി 43026072 (4.30 കോടി) രൂപ വിതരണം ചെയ്തിട്ടുണ്ട്.<br><br>**<u>പുനർജ്ജനി പദ്ധതി</u>**<br><br>സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ സംസ്ഥാനത്ത് നിലവിലുള്ള പ്രവർത്തനക്ഷമമായ എല്ലാ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെയും സ്വയം പര്യാപ്തമായ നിലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളാക്കി മാറ്റുന്നതിനുള്ള സമഗ്ര പദ്ധതിയാണ് പുനർജ്ജനി പദ്ധതി. ടി പദ്ധതിയിൽ 2022-23 വർഷം മുതൽ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകി വരുന്നു. നാളുവരെ 27 സംഘങ്ങൾക്കായി ആകെ 576.51 ലക്ഷം രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ